# പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3100 — 13.07.2015 ന് മറുപടിയ്ക്ക്.

## പട്ടയഭൂമിയിലെ മരം മുറിക്കുന്നതിനുള്ള അനുമതി

**ചോദ്യം**

ശ്രീ.റ്റി.യു.കുരുവിള

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം നീക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(എ) വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്കും, ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും 11 ഇനങ്ങളിൽപ്പെട്ട (മാവ്, അമ്പഴം, പുളി, നെല്ലി, കടംപുളി, മട്ടി, മുരുക്ക്, അൽബീസിയ, സിൽവർ ഓക്ക്, പ്ലാവ്, ആഞ്ഞിലി) മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ 15.03.1993-ലെ സ.ഉ(എം.എസ്) നം.23/93/വനം നമ്പർ ഉത്തരവു പ്രകാരം അനുവാദം നൽകിയിരുന്നു. ഇതിൽ പ്ലാവും, ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി 19.05.1993-ലെ സ.ഉ(എം.എസ്) നം.36/93/വനം നമ്പർ ഉത്തരവു പ്രകാരം നിർത്തലാക്കുകയും ചെയ്തിരുന്നു. എന്നാൽ 27.05.2015-ലെ സർക്കാർ ഉത്തരവ് സ.ഉ(എം.എസ്) നം.40/2015/വനം പ്രകാരം പ്ലാവ്, ആഞ്ഞിലി മരങ്ങൾ റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായി പട്ടയഭൂമിയിൽ നിന്നും മുറിയ്ക്കുന്നതിന് അനുമതി നല്കിയിരുന്നു. എന്നാൽ റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തണമെന്ന നിബന്ധന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നു കണ്ടതിനെത്തുടർന്ന് ഉത്തരവിൽ ഭേദഗതി വരുത്തി 'വനം, റവന്യൂ ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കു വിധേയമായി' എന്ന നിബന്ധന ഒഴിവാക്കിക്കൊണ്ട് 09.07.2015 തീയതിയിലെ സ.ഉ(എം.എസ്) നം.49/2015/വനം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പട്ടയഭൂമികളിൽ വന്യമൃഗങ്ങൾ കൃഷിനാശം വരുത്തുന്നത് തടയുവാൻ എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

(ബി) വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശം തടയുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. അധിക കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 87.5 കിലോമീറ്റർ ദൂരം സൗരോർജ്ജ കമ്പിവേലികൾ, ആനപ്രതിരോധ മതിലുകൾ, കല്ല് പാകിയ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള 500 ലക്ഷം രൂപയുടെ പദ്ധതി.
2. NABARD-RIDF -ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ 15 കിലോമീറ്റർ കരിങ്കൽ ഭിത്തി

നിർമ്മിക്കുന്നതിനുള്ള 19.38 കോടി രൂപയുടെ പദ്ധതി.

3. കേരളത്തിലെ 13 ജില്ലകളിൽ 692 കിലോമീറ്റർ വനാതിർത്തികളിൽ വന്യജീവി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും, വന്യജീവി ആക്രമണം തടയുന്നതിനും, കൂടാതെ 5 ദ്രുത പ്രതികരണ സംഘങ്ങളെ (ആർ.ആർ.റ്റി ) നിയോഗിക്കുന്നതിനുമായുള്ള 259.81 കോടി രൂപയുടെ കൃഷിരക്ഷാ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ